**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3040** **04-08-2021 - ൽ മറുപടിയ്ക്ക്**

**റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ അറിയാൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരം പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് ഓഫീസുകളിൽ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് യഥാസമയം അറിയുന്നതിന് എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞ തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ വിവരങ്ങൾ പി.എസ്.സി യുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്. |
| (സി) | ഈ ആക്ഷേപം ഒഴിവാക്കുന്നതിനും നിയമന നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനുമായി വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അതത് മാസം റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ സംബന്ധിച്ച് വിവരാവകാശ നിയമം ഉപയോഗിച്ചല്ലാതെ ഏതൊരു ഉദ്യോഗാർത്ഥിക്കും ഓൺലൈനായി മനസ്സിലാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (സി) | പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട വിവിധ വകുപ്പുകളിലെ / സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ / സ്ഥാപനങ്ങളുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ അതത് വകുപ്പുകളുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും നിയമനം നടത്തിയതിന് ശേഷം അത് പിൻവലിക്കുന്നതിനും പെൻഷൻ, പ്രൊമോഷൻ എന്നിവ കണക്കിലെടുത്ത് സാധ്യതാ ലിസ്റ്റ് രണ്ട് മാസത്തിന് മുമ്പെങ്കിലും പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകാമോ? | (ഡി) | പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട വിവിധ വകുപ്പുകളിലെ / സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ / സ്ഥാപനങ്ങളുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ